JUSTICE IS NOT A FAVOUR
Neethi Vedhi
IT IS A RIGHT

# നീതിവേദി



**നീതി ഔദാര്യമല്ല...**

**അവകാശമാണ്...**

# ഒരൊറ്റ രാജ്യം ഒരൊറ്റ ജനത



ജനാധിപത്യ ഭരണക്രമം നിലനിൽക്കുന്ന ലോകത്തിലെ ഏറ്റവും വലിയ രാജ്യമാണ് ഭാരതം. ഓരോ അഞ്ചുവർഷം കൂടുമ്പോഴും ദേശീയതലത്തിലും, സംസ്ഥാനതലങ്ങളിലും, പ്രാദേശികതലങ്ങളിലു മൊക്കെ നടക്കുന്ന തെരഞ്ഞെടുപ്പുകൾ നമ്മുടെ ജനാധിപത്യ വ്യവസ്ഥക്ക് കരുത്തേകുന്നു എന്നു മാത്രമല്ല, രാഷ്ട്ര നിർമ്മിതിയിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുന്നു.

2019 ലെ പൊതു തെരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപനം വന്നു കഴിഞ്ഞു. ''ജനങ്ങൾ അർഹിക്കുന്ന ഒരു സർക്കാരിനെഅവർക്കു കിട്ടും'' എന്നൊരുചൊല്ലുണ്ട്. ജനാധിപത്യ മൂല്യങ്ങളിൽ നാം വിശ്വസിക്കുന്നതു കൊണ്ടുതന്നെ ഭൂരിപക്ഷം ലഭിച്ച പാർട്ടിയെയും മുന്നണിയെയും നാം സർവ്വാത്മനാ പിന്തുണക്കണം. അവർക്ക് പിന്നിൽ രാഷ്ട്രം ഒറ്റക്കെട്ടായി നിൽക്കണം. സഹിഷ്ണുതയും സഹവർത്തിത്തവും നമ്മുടെ ജീവിത ശൈലിയാവണം. വിഭാഗീയ ചിന്തകളും വർഗ്ഗീയതയും തീവ്രവാദവുമെല്ലാം പാടേ ഉപേക്ഷിക്കണം. 'ഒരൊറ്റ രാജ്യം ഒരൊറ്റ ജനത' എന്നത് നമ്മുടെ മുദ്രവാക്യമാകണം.

രാജ്യം അഭിമാനത്തോടെ ആദരിക്കുന്ന നമ്മുടെ രാഷ്ട്രശിൽപികൾ, ഭാരതത്തെ ഒരു മതേതരത്വ/ജനാധിപത്യ രാഷ്ട്രമായി എക്കാലവും നിലനിർത്താനായി ഏറെ ദീർഘ വീക്ഷണത്തോടെ രൂപം കൊടുത്ത ഒരു ഭരണഘടനയും നിരവധി ഭരണഘടനാ സ്ഥാപനങ്ങളും നമുക്കുണ്ട്. അവയുടെ സ്വതന്ത്രവും, നിഷ്പക്ഷവും, നീതി പൂർവ്വകവുമായ പ്രവർത്തനങ്ങൾ നമ്മുടെ സുരക്ഷക്കും ഭാരതത്തിന്റെ വളർച്ചക്കും അത്യന്താപേക്ഷിതമാണ്.

പുതിയൊരു സർക്കാരുമായി വളർച്ചയുടെ മറ്റൊരു ഘട്ടത്തിലേക്ക് രാജ്യം പ്രവേശിക്കമ്പോൾ അഭിമാനത്തോടെ, പുത്തൻ പ്രതീക്ഷകളുമായി നമുക്കും അതിൽ സജീവ പങ്കാളികളാകാം. കൂടുതൽ സംഘ ബോധത്തോടെ, അവകാശങ്ങൾക്കായി പടപൊരുതാം; ഒപ്പം രാഷ്ട്രത്തോടുള്ള ഉത്തരവാദിത്വങ്ങൾ ആത്മാർത്ഥതയോടെ നിർവ്വഹിക്കുകയും ചെയ്യാം.

ഫാ. ഡോ. തോമസ് ജോസഫ് തേരകം
അഡ്വക്കറ്റ്
(പ്രസിഡന്റ്, നീതിവേദി)



# നീതിവേദി

ജൂൺ 2019

## ഉള്ളടക്കം


| | |
|---|---|
| നീതിയും സമാധാനവും | 2 |
| നീതിവേദിയുടെ 2018–19 വർഷത്തെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ | 4 |
| ശ്രദ്ധേയമായ ചില ഇടപെടലുകൾ | 7 |
| പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ | 15 |
| 2019–20 വർഷത്തെ പ്രധാന പ്രവർത്തനങ്ങൾ | 16 |
| ആദിവാസിക്ക് അഭിമാനമായ ശ്രീധന്യ ഐ. എ. എസ്.ലേക്ക് | 19 |






എഡിറ്റോറിയൽ ബോർഡ് :
അഡ്വ. മരിയ
അഡ്വ. ഫാ. സ്റ്റീഫൻ മാത്യു
ഫ്ളൈസി ജോസ്
അഡ്വ. ജോമോൾ ജോയി
അനീഷ് ബാബു

ലേ ഔട്ട് & ഡിസൈനിങ്ങ് :
ജൂബിലി അനീഷ്



പ്രന്റിങ്ങ് :
Creative Offset Printing
Near Canara Bank
Muttil, Wayanad - 673122
Mob: 9947872892






# നീതിയും സമാധാനവും



അഡ്വ. ഫാ. സ്റ്റീഫൻ മാത്യു

“നീതി ഔദാര്യമല്ല അവകാശമാണ്” എന്ന ആപ്തവാക്യത്തിലധിഷ്ഠിതമായി നീതിവേദിയുടെ യാത്ര 17-ാം വർഷത്തിൽ തുടരുകയാണ്. ‘നീതി’ എന്ന വാക്കിന് സാമൂഹിക പക്ഷം ചേർന്ന് ചിന്തിക്കുമ്പോൾ വ്യത്യസ്ത അർത്ഥങ്ങളും വ്യാഖ്യാനങ്ങളും ഉണ്ടാവുക സാധാരണമാണ്. നീതി എന്നതിന് പരമ്പരാഗതമായി നൽകുന്ന നിർവ്വചനം ഓരോരുത്തർക്കും അർഹമായ കാര്യം ലഭ്യമാക്കുക എന്നതാണ് (Give each one his due) ഒരാളുടെ ‘അർഹത’ എന്നത് ഒട്ടനവധിയാഥാർത്ഥ്യങ്ങളുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. നീതി വെറും യാന്ത്രികമായ ഒരു സങ്കൽപമോ കണക്കുകൂട്ടലുകളുടെ അടിസ്ഥാനത്തിലുള്ള വീതം വയ്ക്കലോ അല്ല. മറ്റുവാക്കുകളിൽ പറഞ്ഞാൽ എല്ലാവർക്കും തുല്യമായി പങ്കുവയ്ക്കൽ മാത്രമല്ല നീതി. ഒരാളുടെ പ്രായം, ആരോഗ്യം, കുടുംബ സാഹചര്യം, സാമൂഹ്യസ്ഥിതി, വിദ്യാഭ്യാസം, ചെയ്യുന്ന തൊഴിൽ, ലഭിക്കുന്ന അംഗീകാരം തുടങ്ങിയ ഘടകങ്ങളെല്ലാം ശരിയായ രീതിയിൽ പരിഗണിച്ചാലെ ഒരാളുടെ അർഹത മനസ്സിലാക്കാനാവുകയുള്ളു.

ജീവിതത്തിൽ സമാധാനം കാംക്ഷിക്കുന്നവരാണെല്ലാവരും. വ്യക്തി ജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹ ജീവിതത്തിലും അനുഭവിക്കുവാൻ കഴിയുന്ന സ്വസ്ഥത, സംതൃപ്തി, നിറവ് തുടങ്ങിയവയാണ് സമാധാനം കൊണ്ട് നാം മനസ്സിലാക്കുന്നത്. സ്നേഹബന്ധങ്ങളും സൗഹൃദങ്ങളും അനുഭവിക്കുന്നയാൾക്കേ സമാധാനം ഉണ്ടെന്ന് പറയാനാവു. പരസ്പര ബന്ധമാണ് സമാധാനത്തിന്റെയും അടിസ്ഥാനം. നീതിയും സമാധാനവും പരസ്പരം ചേർന്നു പോകുന്നവയാണ്. നീതി നിർവ്വഹണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും പിന്നിലെ ലക്ഷ്യം വ്യക്തികൾക്ക് സമാധാനം ഉണ്ടാവുകയെന്നത് തന്നെയാണ്. ഒരുവന് അർഹതപ്പെട്ടത് അഥവാ അവകാശപ്പെട്ടത് നിഷേധിക്കപ്പെട്ടാൽ തീർച്ചയായും ആ വ്യക്തിക്ക് സമാധാനം ഉണ്ടാവുകയില്ല. ചൂഷണങ്ങൾക്കും പീഢനങ്ങൾക്കും ഇരയാകേണ്ടിവരുന്നവർ ഭൂരിഭാഗവും അസ്വസ്ഥരായി മാറുന്നത് നമ്മുടെ അനുഭവമാണ്. നീതി നിഷേധിച്ചവരോട് ഒത്തുതീർപ്പുണ്ടായാൽ സമാധാനം ഉണ്ടാവില്ല എന്നു പറയാൻ കാരണമിതാണ്. എല്ലാവർക്കും നീതി ഉറപ്പാക്കിക്കൊണ്ടുള്ള സമാധാനനിർമ്മിതിയാണ് നീതിവേദി വിഭാവനം ചെയ്യുന്നത്.


നീതിനിഷേധം അടിസ്ഥാനപരമായി ബന്ധങ്ങളുടെ തകർച്ചയാണ്. ബന്ധങ്ങൾ യാഥാർത്ഥ്യമാകുന്നത് കരുതലിന്റേയും അംഗീകാരത്തിന്റേയും ആദരവിന്റേയും പരസ്പര സഹായത്തിന്റെയും അനുഭവങ്ങൾ ഉണ്ടാകുമ്പോഴാണ്. ഇപ്പറഞ്ഞവയെല്ലാം നിഷേധിക്കുമ്പോൾ ബന്ധങ്ങൾ തകരുന്നു. അത് മാതാപിതാക്കളും മക്കളും തമ്മിലോ ഭാര്യാഭർത്താക്കന്മാർ തമ്മിലോ ഒക്കെ ആകാം. എനിക്കൊരാളോട് അകൽച്ചതോന്നുന്നത് അയാൾ എന്നോട് നീതിപൂർവ്വം പെരുമാറിയില്ല, ബന്ധപ്പെട്ടില്ല എന്ന് എന്റെ മനസ്സ് പറയുമ്പോഴാണല്ലോ. ആ വ്യക്തിയുടെ സാന്നിധ്യവും സംസാരവും പ്രവർത്തികളും എനിക്കരോചകമാകുന്നു. അതുവഴി എന്റെ സ്വസ്ഥതയും സമാധാനവും നഷ്ടമാകുന്നു.

2>

വ്യത്യസ്ത സാഹചര്യങ്ങളും പ്രത്യേകതകളുമുള്ളവരെന്ന നിലയിൽ അവരുടെ സമീപനങ്ങളും പ്രവർത്തന രീതികളും പരസ്പര ബന്ധങ്ങളെ തീർച്ചയായും ബാധിക്കാനിടയുണ്ട്. വ്യക്തികൾ തമ്മിലുള്ള അകൽച്ച, കുടുംബ സമൂഹ ബന്ധങ്ങളേയും സാരമായി ബാധിക്കും. വിദ്വേഷവും ശത്രുതയും സമാധാനമില്ലാതാക്കും. വിട്ടുവീഴ്ചയും ക്ഷമയുമൊക്കെ ബുദ്ധിമുട്ടാകും. നാം വളരെയേറെ സ്നേഹിക്കുന്നയാളുകൾ ചെയ്യുന്ന തെറ്റുകൾ ക്ഷമിക്കാനും മറക്കാനും വലിയ ബുദ്ധിമുട്ടുണ്ടാവില്ല. അതിന്റെ പേരിൽ ഉണ്ടായ നഷ്ടങ്ങളും നാം പ്രശ്നമാക്കില്ല. എന്നാൽ ബന്ധങ്ങൾ തകർന്ന്, വിദ്വേഷത്തിൽ ജീവിക്കുന്നവർ ഏതു കൊച്ചുകാര്യത്തിലും ശക്തമായി പ്രതികരിക്കുകയും പരിഹാരം നേടാൻ എല്ലാ വഴികളും അന്വേഷിക്കുകയും ചെയ്യും. ഏതു ചെറിയ തെറ്റും നീതി നിഷേധകമായി കണക്കാക്കുകയും ചെയ്യും.

രണ്ടുതരം 'നീതി'യെപ്പറ്റി പറയാനുണ്ട്. ഒന്ന് തെറ്റുചെയ്തവരെ ശിക്ഷിച്ച് ആർക്കാണോ നഷ്ടമുണ്ടായത് ആ വ്യക്തിക്ക് നീതി നടത്തിക്കൊടുക്കുക. ഇംഗ്ലീഷിൽ Retributive justice എന്നു പറയും. പരിഹാരം ചെയ്യിച്ചുകൊണ്ട് നീതി ഉറപ്പാക്കലാണിത്. ബന്ധങ്ങൾ പുനഃസ്ഥാപിച്ച് നീതി ഉറപ്പാക്കാൻ കഴിയുന്ന സമീപനമാണ് രണ്ടാമത്തേത്. Restrorative justice എന്നു വിളിക്കും. നഷ്ടപ്പെട്ട ബന്ധം പുനഃസ്ഥാപിച്ച്, സൗഹൃദം വീണ്ടെടുത്ത്, പരസ്പര ധാരണയോടെ ബന്ധപ്പെട്ട എല്ലാ കക്ഷികൾക്കും നീതി ലഭ്യമാക്കുന്നു എന്നുറപ്പുവരുത്തുന്ന സമീപനമാണിത്. രണ്ടാമത്തെ സമീപനമാണ് കൂടുതൽ ഗുണപരമാവുക. ആദ്യത്തേ സമീപനം വഴി ശത്രുത ഇല്ലാതാകുന്നില്ല, സൗഹൃദം തിരിച്ചുകൊണ്ടുവരാൻ കഴിയുന്നില്ല, ബന്ധങ്ങൾ അകലങ്ങളിൽ തന്നെ തുടരും. മറിച്ച് ബന്ധങ്ങൾ പുനഃസ്ഥാപിച്ചുകൊണ്ടുള്ള നീതി നിർവ്വഹണം കൂടുതൽ ശാശ്വതവും സമാധാനം ഉറപ്പാക്കുന്നതുമാണ്. മധ്യസ്ഥശ്രമത്തിലൂടെ, നേരിട്ടും അല്ലാതെയുമുള്ള ചർച്ചകളിലൂടെ, പരസ്പരം വിട്ടുവീഴ്ച ചെയ്യാനാണ് രണ്ടാമത്തെ സമീപനം ആവിശ്യപ്പെടുന്നത്. കോടതിയും പോലീസുമൊക്കെ ആദ്യത്തെ സമീപനത്തിനാണ് പ്രാധാന്യം കൊടുത്തിരുന്നത്. എന്നാൽ ഇപ്പോൾ മീഡിയേഷൻ, കൗൺസിലിംഗ് തുടങ്ങിയവയിലൂടെ ബന്ധങ്ങൾ പുനഃസ്ഥാപിച്ച് തർക്കപരിഹാരം സാധ്യമാക്കാനുള്ള ശ്രമങ്ങൾ പരമാവധി നടത്തണമെന്നാണ് കോടതിക്കും പോലീസിനുമൊക്കെ നിർദ്ദേശം നൽകിയിരിക്കുന്നത്.

ബന്ധങ്ങൾ പുനഃസ്ഥാപിച്ച്, നീതി ഉറപ്പാക്കി, ശരിയായ സമാധാനത്തിലേക്ക് കുടുംബങ്ങളെയും സമൂഹത്തേയും നയിക്കുക എന്ന ശ്രമകരമായ ദൗത്യമാണ് നീതിവേദി ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഈ പ്രക്രിയയിൽ പ്രാദേശിക തലത്തിലുള്ള സമാധാന കമ്മറ്റികൾക്ക് (Peace Committee) വലിയ പങ്കുവഹിക്കാനുണ്ട്. രാഷ്ട്രീയ, മത, സമുദായ നേതാക്കളുടെ സഹകരണത്തോടെ നീതിക്കും സമാധാനത്തിനും വേണ്ടിയുള്ള കൂട്ടായ പരിശ്രമത്തിൽ നമുക്കേവർക്കും പങ്കാളികളാകാം.



# വാർഷിക ജനറൽ ബോഡി യോഗം

നീതിവേദിയുടെ പതിനാറാം വാർഷിക ജനറൽ ബോഡി യോഗം 2018 ഏപ്രിൽ 30 ന് കാക്കവയൽ നീതിവേദി ഓഫീസിൽ പ്രസിഡന്റ് അഡ്വ.ഫാ.തോമസ് തേരകത്തിന്റെ അധ്യക്ഷതയിൽ നടന്നു. 2018-19 വർഷത്തെ പ്രവർത്തന റിപ്പോർട്ടും 2019-20 വർഷത്തെ ബഡ്ജറ്റും യോഗം പാസ്സാക്കി. നീതിവേദിയിലെ ഇന്റേർണൽ കംപ്ലയ്ന്റ് കമ്മറ്റി പുന:സംഘടിപ്പിച്ചു. വയനാട് ജില്ലയിലെ 10, +2 കഴിഞ്ഞ ആദിവാസി വിദ്യാർത്ഥികൾളുടെ തുടർപഠനം സംബന്ധിച്ച് അവരെ ബോധവാൻമാരാക്കുന്നതിനായി സ്റ്റാഫ് അംഗങ്ങൾക്ക് ഓറിയെന്റേഷൻ ക്ലാസ്സ് നൽകാൻ തീരുമാനിച്ചു. പോക്സോ നിയമം സംബന്ധിച്ച് കോളനികളിൽ കൂടുതലായി ബോധവത്ക്കരണ ക്ലാസ്സുകൾ നൽകണമെന്നും മനുഷ്യാവകാശ പ്രശ്നങ്ങളിൽ നീതിവേദി കൂടുതൽ ഇടപെടലുകൾ നടത്തണമെന്നും യോഗം അഭിപ്രായപ്പെട്ടു.

# നീതിവേദിയുടെ 2018 - 2019 വർഷത്തെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ

നീതിവേദി ഏറെ സജീവമായിരുന്ന ഒരു വർഷമാണ് നാം പിന്നിട്ടത്. പതിവ് നിയമസഹായ പരിപാടികൾക്കും ബോധവത്ക്കരണ ക്ലാസ്സുകൾക്കും കൗൺസിലിംഗിനുമപ്പുറം പുതിയ പ്രവർത്തന ശൈലിയിലേക്കും മേഖലകളിലേക്കും ചുവടുവെക്കാൻ ആരംഭിച്ച വർഷമായിരുന്നു കഴിഞ്ഞ പ്രവർത്തന വർഷം.

## സേവനദാതാവ്

സാമൂഹ്യനീതി വകുപ്പിന്റെ അംഗീകാരമുള്ള സേവനദാതാവെന്ന നിലയിൽ ഗാർഹികഅതിക്രമങ്ങൾക്ക് വിധേയരാക്കപ്പെട്ടതായി പരാതിപ്പെട്ട 56 സ്ത്രീകളെയും ഭർത്താക്കൻമാരെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും കേൾക്കാനും മനസ്സിലാക്കാനും സാന്ത്വനപ്പെടുത്താനുമുള്ള ശ്രമകരമായ ദൗത്യത്തിന് നേതൃത്വം നൽകിയത് ലീഗൽ കൗൺസിലറായ അഡ്വ.ജോമോൾ ജോയി ആയിരുന്നു. നമ്മുടെ കൗൺസിലിംഗ് വിഭാഗമായ പരിഹാരയുടെ ചുമതലക്കാരിയായ സീന സെബാസ്റ്റ്യൻ ഇതോടുബന്ധപ്പെട്ട 59 പേർക്ക് കൗൺസിലിംഗ് നൽകുകയുണ്ടായി. 45 പരാതിക്കാർക്ക് തൃപ്തികരമായ പരിഹാരം ലഭ്യമാക്കാനും താളപ്പിഴകൾ മറികടന്ന് ജീവിതം മുന്നോട്ടുനയിക്കാൻ പ്രേരണ നൽകാനും കഴിഞ്ഞു എന്നത് ഏറെ സന്തോഷദായകമാണ്.

വിവിധ പഞ്ചായത്തുകളിലും ആദിവാസി ഊരുകളിലുമായി നടത്തിയ 48 നിയമബോധവത്ക്കരണ ക്ലാസ്സുകളിലൂടെ ഏകദേശം 1200ലധികം പേർക്ക് തങ്ങളുടെ അവകാശങ്ങളെപ്പറ്റിയും ചൂഷണങ്ങൾക്കിരയാകാനുള്ള സാധ്യതകളെപ്പറ്റിയും അവയെ പ്രതിരോധിക്കാനുള്ള നടപടികളെപ്പറ്റിയും അവബോധം നൽകാൻ കഴിഞ്ഞു. അംഗൺവാടികളും കുടുംബശ്രീ യൂണിറ്റുകളും ഇക്കാര്യത്തിൽ നൽകിയ സഹകരണം ഏറെ പ്രശംസനീയമാണ്.

ലീഗൽ ക്ലിനിക്കുകളും ഉദ്യോഗസ്ഥരുമായുള്ള മുഖാമുഖം പരിപാടികളും സാധാരണക്കാരായ നിരവധി വ്യക്തികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം തേടാൻ അവസരം നൽകി.

# ഉണർവ്വ് പഠനകളരിയും കനൽക്യാമ്പും



നീതിവേദിയുടെ ആഭിമുഖ്യത്തിൽ 2018–19 വർഷത്തിൽ 14 ഉണർവ്വ് പഠനക്കളരികൾ പ്രവർത്തിച്ചു. ഈ പഠനകളരികളിൽ കൂടി 281 ആദിവാസി കുട്ടികൾക്ക് പഠനസഹായം നൽകാൻ നമുക്ക് സാധിച്ചു. അധ്യാപകരുടെ പ്രത്യേക ബുദ്ധിമുട്ടുകൾ മൂലം ഏതാനും പഠനകളരികൾ ഇടയ്ക്ക്വെച്ച് മുടങ്ങുകയുണ്ടായി. പഠനക്കളരികളിൽ സ്ഥിരമായി വന്നുകൊണ്ടിരുന്ന കുട്ടികളിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാകുന്നതായി വിലയിരുത്തപ്പെട്ടു. പഠനകളരിയിലെ രക്ഷിതാക്കളുടെ മീറ്റിംഗുകൾ സംഘടിപ്പിക്കുകയും വിദ്യാഭ്യാസ അവകാശ നിയമം സംബന്ധിച്ച ബോധവത്ക്കരണം നൽകുകയും ചെയ്തു. പഠനകളരിയിലെ ടീച്ചർമാർക്കുള്ള പരിശീലന പരിപാടിക്ക് ശ്രീ. തോമസ് സാർ, ജെയിംസ് തോമസ് എന്നിവർ നേതൃത്വം നൽകി.



ആദിവാസി കുട്ടികളുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും നേതൃത്വനിരയിലേക്ക് അവരെ വളർത്തുന്നതിനുമായി കനൽ ക്യാമ്പുകൾ നടത്തുകയുണ്ടായി. സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് നസ്റത്ത് മിനിസ്ട്രി ഫണ്ടിന്റെ സഹായത്തോടെയാണ് നീതിവേദിക്ക് ഈ ക്യാമ്പുകൾ നടത്തുവാൻ സാധിച്ചത്. ശരാശരി നൂറോളം കുട്ടികൾ പ്രതിമാസ ക്യാമ്പുകളിൽ പങ്കെടുത്തു വന്നിരുന്നു. ആദിവാസി യുവജനങ്ങളാണ് കനൽ പരിപാടിക്ക് നേതൃത്വം നൽകിക്കൊണ്ടിരുന്നത്. ചിത്രകല, ഡാൻസ്, പ്രസംഗം, അഭിനയം, നാടൻപാട്ടുകൾ, ചെണ്ട,തുടി എന്നിവയിൽ വിദഗ്ധരായവരുടെ പരിശീലനവും ഇംഗ്ലീഷ്, മലയാളം, കണക്ക്, ഹിന്ദി വിഷയങ്ങളിലെ പ്രാഥമികതല പരിശീലനവും എല്ലാക്യാമ്പുകളുടെയും ഭാഗമായിരുന്നു. ക്യാമ്പുകളുടെ മുഖ്യ ആകർഷണമായിരുന്ന കലാസന്ധ്യ കുട്ടികളുടെ കഴിവും മികവും വെളിച്ചത്തു കൊണ്ടുവരുവാൻ സഹായകമായി. കുട്ടികളിൽ ലക്ഷ്യബോധവും നേതൃത്വപാടവവും വളർത്തുന്നതിനായി വിദഗ്ധരായ പലരുടെയും ക്ലാസ്സുകൾ സംഘടിപ്പിക്കുകയുണ്ടായി. പ്രതിമാസ ക്യാമ്പുകൾ കൂടാതെ ഓണം, ക്രിസ്തുമസ്, മധ്യവേനൽ അവധിക്കാലങ്ങളിൽ പ്രത്യേക ക്യാമ്പുകളും നടത്തുകയുണ്ടായി. സമ്മർ ക്യാമ്പിനോടനുബന്ധിച്ച് കണ്ണൂർ വിസ്മയ വാട്ടർതീം പാർക്കിലേക്ക് ഉല്ലാസയാത്ര സംഘടിപ്പിച്ചു. ഉല്ലാസയാത്ര കുട്ടികൾക്ക് വേറിട്ട ഒരനുഭവമായിരുന്നു.



കഴിഞ്ഞ അഞ്ചുവർഷമായി ആദിവാസി കുട്ടികളുടെ വളർച്ചക്കായി വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് സാമ്പത്തിക സഹായം നൽകിയ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് നസ്റത്തിന്റെ അധികാരികളോട് നീതിവേദി ഏറെ കടപ്പെട്ടിരുന്നു.

കഴിഞ്ഞ 5 വർഷമായി നടന്നുവന്നിരുന്ന കനൽ ഉണർവ്വ് പ്രോഗ്രാമുകൾ സംബന്ധിച്ച് ശ്രീ ജിനോയി എം.എസ്.ഡബ്ല്യൂ തയ്യാറാക്കിയ വിലയിരുത്തൽ റിപ്പോർട്ടിലെ പ്രധാനനിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

- ഉണർവ്വ് പഠനകളരികളിൽ കുട്ടികൾക്ക് പഠിക്കാനായി ബെഞ്ച്, ഡെസ്ക്ക് മുതലായവ ഉണ്ടാകുന്നത് വളരെ സൗകര്യപ്രദമായിരിക്കും. പഠനകളരി ആരംഭിക്കുന്നതിന് മുമ്പ് ഇക്കാര്യങ്ങൾ ശ്രദ്ധിക്കുകയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും സഹായങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്യുന്നത് നന്നായിരിക്കും
- ആദിവാസികുട്ടികളുടെ രക്ഷിതാക്കൾ കുട്ടികളെ ശ്രദ്ധിക്കാനും പഠനകാര്യത്തിൽ പ്രോത്സാഹിപ്പിക്കാനും സാധിക്കാത്തത് കുട്ടികളുടെ പഠനത്തെ ബാധിക്കുന്നു. രക്ഷിതാക്കൾക്ക് മോട്ടിവേഷൻ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- ട്യൂട്ടർമാർ അവധിയെടുക്കുന്ന ദിവസങ്ങളിൽ വിദ്യാഭ്യാസമുള്ള അമ്മമാരെ ചുമതലപ്പെടുത്തുന്നത് കുട്ടികളുടെ പഠനത്തെ ബാധിക്കാതിരിക്കാൻ സഹായകരമാകും.
- പഠനത്തോടൊപ്പം കുട്ടികൾക്ക് അവധിക്കാല ക്യാമ്പുകളും പരിശീലനങ്ങളും നൽകുന്നത് അവരുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഏറെ സഹായകരമായിട്ടുണ്ട്
- വർഷത്തിലൊരിക്കൽ ആദിവാസി കൾച്ചറൽ ഫെസ്റ്റ് നടത്തുന്നത് അവരുടെ പരമ്പരാഗത ആചാരങ്ങളും അനുഷ്ഠാനങ്ങളും നിലനിർത്തുന്നതിനും വരും തലമുറക്ക് പകർന്നുനൽകുന്നതിനും സഹായകരമാകും
- പ്രോജക്ട് അവസാനിക്കുന്നതുമൂലം എല്ലാ കുട്ടികൾക്കും തുടർന്ന് പരിശീലനം നൽകാൻ സാധിച്ചില്ലെങ്കിൽ കഴിവുള്ള കുട്ടികളെ പ്രത്യേകം തിരഞ്ഞെടുത്ത് അവർക്ക് പരിശീലനം നൽകിയാൽ അവരെ സമൂഹത്തിലെ നല്ല ലീഡർമാരായി വളർത്തിക്കൊണ്ടുവരുന്നതിന് സാധിക്കും



## തർക്ക പരിഹാരവും സമാധാന നിർമ്മിതിയും




പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കഴിഞ്ഞവർഷം പരീക്ഷണാടിസ്ഥാനത്തിൽ സ്വീകരിച്ച പുതിയ സമീപനം ശ്രദ്ധേയമായ അനുഭവമായി മാറി. നീതിവേദി ഓഫീസിൽ വരുന്നവർക്കും പാരാലീഗൽ പ്രവർത്തകർ ഫീൽഡിൽ കണ്ടെത്തുന്നവർക്കും നീതി ലഭ്യമാക്കാൻ കോടതിയും പോലീസും മാത്രമല്ല വഴി എന്ന് ബോധ്യമാക്കിയ നൂതന സമീപനം.

വയനാട്, മലപ്പുറം ജില്ലകളിലെ 23 പഞ്ചായത്തുകളിൽ ഡയറക്ടർ ശ്രീമതി ഫ്ളയ്സി ജോസ്, കോ-ഓർഡിനേറ്റർ ശ്രീ. ജെയിംസ് തോമസ് എന്നിവരുടെ നേതൃത്വത്തിൽ നടന്ന പ്രശ്നവിശകലന പരിപാടിയിൽ 558 പേർ പങ്കെടുത്തു. ആദ്യഘട്ടമെന്ന നിലയിൽ 16 പഞ്ചായത്തുകളിൽ രാഷ്ട്രീയ-സാമൂഹ്യ-ആദിവാസി പ്രവർത്തകരെ ഉൾപ്പെടുത്തി സമാധാന കമ്മറ്റികൾ (ജലമരല രീാാശലേലെ) രൂപീകരിച്ചു. 400 ഓളം പീസ് കമ്മറ്റി അംഗങ്ങൾക്ക് 2 ഘട്ടങ്ങളിലായി പരിശീലനം നൽകി.

ഓരോ മാസവും പീസ് കമ്മറ്റി അംഗങ്ങൾ നീതിവേദി പാരാലീഗൽ വർക്കറുടെ സഹായത്തോടെ നടത്തിയ ഇടപെടലുകൾ വിലയിരുത്തുകയും തർക്കപരിഹാരത്തിനായി പ്രതിനിധികളെ ചുമതലപ്പെടുത്തുകയും ചെയ്തു. കഴിഞ്ഞ പ്രവർത്തന വർഷത്തിൽ 219 തർക്കങ്ങളിൽ ഇടപെടലുകൾ നടത്തുകയും 34 തർക്കങ്ങൾ സമാധാനപരമായി പരിഹരിക്കുകയും ചെയ്തു.ബാക്കി ഉള്ളവയിൽ തുടർപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

## ശ്രദ്ധേയമായ ചില ഇടപെടലുകൾ

### തങ്ങൾകുന്ന് ഊരുനിവാസികൾക്ക് കുടിവെള്ളം ലഭ്യമാക്കി



വൈത്തിരി പഞ്ചായത്തിലെ തങ്ങൾക്കുന്ന് ഊരിൽ പണിയ വിഭാഗത്തിൽപ്പെട്ട 11 കുടുംബങ്ങളിലായി 62 ഓളം ആളുകൾ താമസിക്കുന്നു. അവർക്ക് കുടിവെള്ളം ലഭ്യമല്ലായിരുന്നു. 1995-96 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും റ്റി.എ സ്.പി ഫണ്ടിൽ നിന്നും 5,00,000 ലക്ഷം രൂപ വകയിരുത്തി രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി. അയൽവാസിയായ ഹംസ എന്നയാളുടെ സ്ഥലത്താണ് കിണർ നിർമ്മിച്ച് പൈപ്പിട്ട്

വെള്ളം ലഭ്യമാക്കിയിരുന്നത്. 2 വർഷം കഴിഞ്ഞപ്പോൾ പൈപ്പ് തുരുമ്പ് പിടിച്ചു. ഇതേത്തുടർന്ന് പൈപ്പ് മാറ്റി പി.വി.സി പൈപ്പിടാൻ ഹംസ അനുവദിച്ചിരുന്നില്ല. 2,50,000 രൂപ പൈപ്പ് മാറ്റുന്നതിനായി പാസ്സായിരുന്നു. പഞ്ചായത്ത് മെമ്പർമാർ, രാഷ്ട്രീയപ്പാർട്ടികൾ, സംഘടനാപ്രതിനിധികൾ എന്നിവരൊക്കെ ഈ വിഷയത്തിൽ ഇടപെടൽ നടത്തിയിരുന്നു. എന്നിട്ടും ഹംസ അവരുടെ സ്ഥലത്തുകൂടി പൈപ്പ് ഇടാൻ സമ്മതിച്ചില്ല. പ്രൊമോട്ടറിൽ നിന്നും നീതിവേദി പ്രവർത്തക ഇക്കാര്യം അറിയുകയും രണ്ട് കൂട്ടരെയും കണ്ട് വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. നിരവധി തവണ നീതിവേദി പ്രവർത്തകർ ഇടപെട്ടതിന്റെ ഫലമായി വർഷങ്ങളായി തടസ്സപ്പെട്ടിരുന്ന പ്രശ്നത്തിൽ ഹംസ പൈപ്പിടാൻ സമ്മതിക്കുകയും മെമ്പറിന്റെ സഹായത്തോടെ പഞ്ചായത്തിൽ നിന്നും ഹംസയുടെ സ്ഥലത്തുകൂടി ഊരിലേക്ക് വെള്ളം എത്തിക്കുവാനും സാധിച്ചു.

## ഐ.ജി.എം.എം.ആർ.എസ്സിലെ ശോചനീയാവസ്ഥ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി

മലപ്പുറം ജില്ലയിലെ നിലമ്പൂർ വെളിയംതോട് ഭാഗത്താണ് ഐ.ജി.എം.എം.ആർ.എസ് പ്രവർത്തിക്കുന്നത്. കാട്ടുനായ്ക്ക, ചോലനായ്ക്ക വിഭാഗത്തിലെ 500 ലധികം കുട്ടികളാണ് ഇവിടെ താമസിച്ചു പഠിക്കുന്നത്. ഒരു മതിലിനപ്പുറത്താണ് സ്ക്കൂൾ പ്രവർത്തിക്കുന്നത്. സ്ക്കൂൾ നല്ല വൃത്തിയിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ ഹോസ്റ്റൽ വളരെ വൃത്തിഹീനമായാണ് കിടക്കുന്നത്. ആവശ്യത്തിന് വെളിച്ചമില്ല, ജനലുകൾക്ക് ഗ്ലാസ്സ് ഇല്ല, റൂമുകളിൽ ഫാൻ ഇല്ല, കട്ടിലുകളും ബെഡും വളരെ പഴയതാണ്, വിരിക്കാനോ പുതക്കാനോ നല്ല പുതപ്പുകളില്ല ഇങ്ങനെ അസൗകര്യങ്ങളോടെയാണ് ഹോസ്റ്റൽ പ്രവർത്തിക്കുന്നത്. ആദിവാസി വിദ്യാർത്ഥികൾക്കായി സർക്കാർ ഫണ്ടുകൾ ഉണ്ടെങ്കിലും ശരിയായ രീതിയിൽ ഉപയോഗിക്കുന്നില്ല. ഇതുകൂടാതെ ഹോസ്റ്റലിലെ ജീവനക്കാർ കുട്ടികളെ ഉപദ്രവിക്കുന്നു, കുട്ടികളെ വെയിലത്ത് നിർത്തുന്നു, പെൺകുട്ടികളോട് മോശമായി പെരുമാറുന്നു. ഇതിനിടയിൽ അധികൃതർ ശ്രദ്ധിക്കാത്തതിന്റെ ഫലമായി ഐ.ജി.എം.എം.ആർ.എസ്സിലെ ഒരു വിദ്യാർത്ഥി മരിക്കാൻ ഇടയായി എന്ന ഗൗരവമായ ആരോപണം നിലവിലുണ്ട്. ഇതുസംബന്ധിച്ച് നീതിവേദി പ്രവർത്തക ഐ.ജി.എം.എം.ആർ.എസ്സിൽ പോയി കുട്ടികളോടും ഊരിൽ പോയി കുട്ടികളുടെ രക്ഷിതാക്കളോടും സംസാരിച്ച് വിവരങ്ങൾ ശേഖരിച്ചു. നിരവധി തവണ ഐ.റ്റി.ഡി.പി ഓഫീസിൽ പോകുകയും കളക്ടർക്ക് പരാതി നൽകുകയും ചെയ്തു. സതീഷിന്റെ മരണവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്ക് പരാതി നൽകിയിട്ടുമുണ്ട്.







## കുന്നമംഗലം സമരഭൂമി എന്ന കാരക്കുനി ഊരിലെ കുടിവെള്ള പ്രശ്നം

എടവക പഞ്ചായത്തിലെ കുന്നമംഗലം സമരഭൂമി ഊരിൽ പണിയവിഭാഗത്തിൽപ്പെട്ട 13 കുടുംബങ്ങളിലായി 63 അംഗങ്ങളാണ് താമസിക്കുന്നത്. 11 വർഷം മുമ്പ് സർക്കാരിൽ നിന്നും പതിച്ചുകിട്ടിയതാണ് ഈ സ്ഥലം. 3 വർഷം മുമ്പ് പഞ്ചായത്തിൽ നിന്നും 1 ലക്ഷം രൂപ ജലനിധിയിലേക്ക് അടച്ചുവെങ്കിലും കോൺട്രാക്ടറുടെയും കമ്മറ്റിക്കാരുടെയും അനാസ്ഥമൂലം ഊര് നിവാസികൾക്ക് വെള്ളം ലഭിക്കാതെ ഏറെ ബുദ്ധിമുട്ടനുഭവിച്ചുവരികയായിരുന്നു. പ്രൊമോട്ടറിൽ നിന്നും നീതിവേദി പ്രവർത്തക ഇക്കാര്യം ഊരുനിവാസികളെ അറിയുകയും കോൺട്രാക്ടറെയും കമ്മറ്റിക്കാരെയും നിരവധി തവണ കാണുകയും സംസാരിക്കുകയും ചെയ്തു. നീതിവേദി പ്രവർത്തകയുടെ നിരന്തര ഇടപെടലിന്റെ ഫലമായി ഊരിലേക്ക് പൈപ്പ് ഇടുകയും ഊരിലേക്ക് കുടിവെള്ളം ലഭ്യമാക്കാനും സാധിച്ചു.



## കൊച്ചാട്ടുവയൽ ഊര് റോഡ് തർക്കം

എടവക പഞ്ചായത്തിലെ കൊച്ചാട്ടുവയൽ ഊരിൽ മൂന്ന് കുടുംബങ്ങളാണ് താമസിക്കുന്നത്. ഈ കുടുംബങ്ങൾക്ക് ഊരിലേക്ക് എത്താൻ റോഡോ നടവഴിയോ ഇല്ല. വയൽവരമ്പിലൂടെയും തോടരികിലൂടെയുമാണ് ഇവർ ഊരിൽ എത്തിയിരുന്നത്. ഊരിലേക്ക് പഞ്ചായത്തിൽ നിന്നും റോഡ് അനുവദിച്ചെങ്കിലും വഴിവിട്ടുനൽകാൻ ചെറുപ്ലാവിൽ തൊമ്മി, തെക്കുമറ്റം ജോർജ്ജ്, കുരുവിള എന്നിവർ തയ്യാറായിരുന്നില്ല. നീതിവേദി പ്രവർത്തക ഊരുനിവാസികളോടും എതിർകക്ഷികളോടും സംസാരിച്ചു. പഞ്ചായത്തുതല പീസ് കമ്മറ്റി അംഗങ്ങളും വാർഡ് മെമ്പറും ഇരുകക്ഷികളും നീതിവേദി പ്രവർത്തകരും കൂടി മീഡിയേഷൻ നടത്തുകയും ഊരിലേക്ക് റോഡ് വെട്ടാൻ എതിർകക്ഷികൾ സമ്മതിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ഊരിലേക്ക് റോഡ് വെട്ടി നടവഴി ലഭ്യമാക്കാൻ സാധിച്ചത് ഊരുനിവാസികൾക്ക് ഏറെ സന്തോഷം നൽകി.

## പനമരം പഞ്ചായത്തിലെ റേഷൻ അദാലത്ത്

പനമരം പഞ്ചായത്തിലെ പീസ് കമ്മറ്റി അംഗങ്ങളുടെ നേതൃത്വത്തിൽ പഞ്ചായത്തിൽ റേഷൻ കാർഡില്ലാത്ത 750 ലേറെ ആളുകളെ കണ്ടെത്തുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് സിവിൽ സപ്ലൈസ്-ഐ.റ്റി.ഡി.പി ഓഫീസുമായി ബന്ധപ്പെട്ട് എത്രയും വേഗം റേഷൻകാർഡ് ഉണ്ടാക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## മൈലമ്പാടി ഊരിലേക്കുള്ള നടവഴി



മീനങ്ങാടി പഞ്ചായത്തിലെ 2-ാം വാർഡിലാണ് മൈലമ്പാടി ഊര് സ്ഥിതിചെയ്യുന്നത്. ഏകദേശം നൂറ് വർഷത്തോളമായി ഊര്നിവാസികൾ അവിടെ താമസമാക്കിയിട്ട്. പത്ത് വർഷം മുമ്പ് വരെ ഊരിലേക്ക് വാഹനങ്ങൾ വരെ എത്തുമായിരുന്നു. എന്നാൽ ഇപ്പോൾ ഊരിലേക്കെത്താൻ നടവഴിപോലുമില്ല. അയൽവാസിയായ താഴത്തേപുരക്കൽ ജോർജ്ജ് എന്ന വ്യക്തിയോട് സംസാരിച്ചപ്പോൾ ഊരിന് മുകൾഭാഗത്തായി സ്ഥലം വിട്ടുനൽകിയെന്നും തന്റെ സ്ഥലത്തുകൂടിയാണ് അവർ ഇപ്പോൾ നടക്കുന്നതെന്നുമാണ് അറിയാൻ കഴിഞ്ഞത്. വാർഡ് മെമ്പറിന്റെയും പീസ് കമ്മറ്റി അംഗങ്ങളുടെയും നീതിവേദിപ്രവർത്തകരുടെയും സാന്നിദ്ധ്യത്തിൽ ഇരുകൂട്ടരെയും വിളിച്ച് മീഡിയേഷൻ നടത്തിയതിന്റെ ഫലമായി ഊരിലേക്ക് 10 അടിവീതിയിൽ വഴി വെട്ടാൻ തീരുമാനിക്കുകയും എല്ലാവരുടെയും സാന്നിദ്ധ്യത്തിൽ വഴിവെട്ടുകയും ചെയ്തു. 2019-20 സാമ്പത്തിക വർഷത്തിലെ ഫണ്ടിൽ ഉൾപ്പെടുത്തി ഈ വഴി കോൺക്രീറ്റ് ഇടാമെന്ന് മെമ്പർ വാഗ്ദാനം ചെയ്യുകയും ചെയ്തു.

## പൊങ്ങിനിപ്പാടി ഊരിലെ ശ്മശാനഭൂമിയിലേക്കുള്ള നടവഴി



കണിയാമ്പറ്റ പഞ്ചായത്തിലെ 18-ാം വാർഡിലെ പൊങ്ങിനിപ്പാടി ഊരിന് 30 സെന്റ് ശ്മശാനഭൂമിയും ശ്മശാനഭൂമിയിലേക്ക് 4 അടി വീതിയിൽ നടവഴിയും ഉണ്ടായിരുന്നു. നിലവിൽ ശ്മശാനഭൂമിയിലേക്ക് പോകാൻവഴിയില്ല. ഉണ്ണി എന്ന വ്യക്തിയുടെ സ്ഥലത്തുകൂടിയാണ് ഇപ്പോൾ ശ്മശാനത്തേക്ക് പോകുന്നത്. നീതിവേദി പ്രവർത്തകർ ഇക്കാര്യത്തിൽ ഇടപെടുകയും വില്ലേജിൽ പോയി അന്വേഷിച്ചപ്പോൾ 30 സെന്റ് ശ്മശാനഭൂമി ഇവർക്ക് ഉള്ളതായി അറിയാൻ സാധിച്ചു. കണിയാമ്പറ്റ പഞ്ചായത്തിലെ പീസ് കമ്മറ്റി അംഗങ്ങളും നീതിവേദി പ്രവർത്തകരും ഊര്നിവാസികളും അയൽവാസികളുമായി മീഡിയേഷൻ നടത്തുകയും അയൽവാസികളായ പ്രീത ഗോപിനാഥ്, ടി.കൃഷ്ണൻ എന്നിവർ 4 അടി വീതിയിൽ വഴി വിട്ടുനൽകാനും ധാരണയായി. ഇതുപ്രകാരം ശ്മശാനഭൂമിയിലേക്ക് വഴിവെട്ടി. മെമ്പർ അടുത്ത ഫണ്ടിൽ ഉൾപ്പെടുത്തി ഈ വഴി കോൺക്രീറ്റ് ഇട്ടുനൽകാമെന്നും സമ്മതിച്ചു.

## ആദിവാസി നേതാക്കളുടെ മീറ്റിംഗ്



തർക്ക പരിഹാരത്തിനായി വിവിധ ആദിവാസി സമൂഹങ്ങളിൽ സ്വീകരിച്ചുവരുന്ന പരമ്പരാഗത മാർഗ്ഗങ്ങളെപ്പറ്റിയുള്ള പ്രാഥമിക പങ്കുവെക്കൽ 2018 നവംബർ 15 ന് നീതിവേദി ഓഫീസിൽ നടത്തിയത് ഏറെ ശ്രദ്ധേയമായി. പണിയ,

കാട്ടുനായ്ക്ക, അടിയ, കുറിച്യ, ഊരാളി, വെട്ടകുറുമ, മുള്ളുകുറുമ സമുദായങ്ങളിലെ മൂപ്പൻമാർ തങ്ങളുടെ വിശ്വാസങ്ങളും പരമ്പരാഗത മൂല്യസങ്കൽപ്പങ്ങളും പങ്കുവെച്ചത് ഏവർക്കും ധന്യമായ അനുഭവമായി. മീറ്റിംങ്ങിലെ ചില പ്രധാന പങ്കുവെയ്ക്കലുകൾ ചുവടെ ചേർക്കുന്നു.

## ചില പങ്കുവെക്കലുകൾ

'വെട്ടക്കുറുമ' സമുദായത്തിൽ അവരുടെ പ്രശ്നങ്ങൾ മൂപ്പനായ 'മെഗാളൻ' നോട് പറയുകയും മൂപ്പൻ തർക്കത്തിലുള്ള രണ്ടുകൂട്ടരെയും വിളിച്ച് സംസാരിക്കുകയും ചെയ്യുന്നു. മൂപ്പൻ പറഞ്ഞത് അവർ അനുസരിക്കും. അനുസരിക്കാത്തപക്ഷം ദൈവംകാണൽ ചടങ്ങ് നടത്തുകയും വെളിച്ചപ്പാട് പറയുന്ന പരിഹാരമാർഗ്ഗങ്ങൾ ചെയ്യുകയും പ്രശ്നം പരിഹരിക്കുകയും ചെയ്യുന്നു. വെളിച്ചപ്പാടും മൂപ്പനായ മെഗാളനുമാണ് ഇവിടെ കർമ്മങ്ങൾക്ക് നേതൃത്വം നൽകുന്നത്. ഈ ആചാരമാണ് 'ബിഞ്ചെ' എന്ന പേരിൽ അറിയപ്പെടുന്നത്.

'അടിയ' സമുദായത്തിലും വെട്ടക്കുറുമ സമുദായത്തിലെപോലുള്ള ചടങ്ങുകളാണ് നടക്കുന്നത്. അവരുടെ ആചാരത്തിന് 'തപ്പുകെട്ടുക' എന്നാണ് പറയുന്നത്. ഇവിടെ തർക്കത്തിലുള്ള രണ്ട് കൂട്ടരും മൂപ്പന് പണം കൊടുക്കണം. 'കുറിച്യ' സമുദായത്തിലെ മൂപ്പനെ'ഒടയക്കാരൻ' എന്നാണ് വിളിക്കുക. എല്ലാവരും മൂപ്പൻ പറയുന്നത് അനുസരിച്ചാണ് പ്രശ്നങ്ങൾ പരിഹരിക്കുന്നത്. ഒടയക്കാരനൊപ്പം 'ചങ്ങാതി'യും കൂടി ഇരുന്നാണ് പ്രശ്നപരിഹാരം നടത്തുന്നത്. ഒടയക്കാരൻ പറയുന്നത് അംഗീകരിക്കുന്നില്ലെങ്കിൽ താലൂക്ക് തല നേതാക്കൾ പ്രശ്നത്തിൽ ഇടപെട്ട് പരിഹരിക്കുന്നു. കുറിച്യ സമുദായപ്രകാരം തർക്കങ്ങളും പ്രശ്നങ്ങളും ഉണ്ടാകുന്നത് ദൈവകോപത്താലാണ് എന്നാണ് വിശ്വാസം.

'പണിയ' സമുദായപ്രകാരം 'കരിമം' എന്ന പേരിലാണ് പ്രശ്ന പരിഹാര പ്രക്രിയ അറിയപ്പെടുന്നത്. 'കരിമ'ത്തിൽ 10 പേർ അടങ്ങുന്നു. 'കൂട്ടനും' 'മൂപ്പനു'മാണ് പ്രശ്നം പരിഹരിക്കുന്നത്. കൂട്ടനും മൂപ്പനും പറയുന്നത് എല്ലാവരും അനുസരിക്കും. അവർക്ക് വളരെ വലിയ ശിക്ഷ വരെ വിധിക്കാൻ അധികാരമുണ്ട്. 'ഠബാട്ടിക്കുത്ത്', 'ആട്ടാളി' എന്നീ ചടങ്ങുകളും ഇതിനോട് സമാനമാണ്. 'ചെമ്മി' (മുൻപന്തിയിൽ നിൽക്കുന്നയാൾ), 'കയത്തൻ' (ചടങ്ങ് ചെയ്യുന്നയാൾ), 'കോയിമ' (ചടങ്ങിന് ഒരുക്കുന്നയാൾ) എന്നിവരാണ് മറ്റ് ചടങ്ങുകൾക്ക് നേതൃത്വം നൽകുന്നത്. 'കാട്ടുനായ്ക്ക' വിഭാഗത്തിലും മൂപ്പൻമാരാണ് പ്രശ്നങ്ങൾ പരിഹരിക്കുന്നത്. ഊരിലെ പ്രശ്നങ്ങൾ ഊരിൽ വെച്ച് തന്നെ തീർക്കുന്നു.

# അന്തർദേശീയ മനുഷ്യാവകാശ ദിനാചരണം



2018 ഡിസംബർ 10 ന് നീതിവേദി ഓഫീസിൽ വെച്ച് ഐക്യരാഷ്ട്ര സഭ പ്രഖ്യാപിച്ച 70-ാം അന്തർദേശീയ മനുഷ്യാവകാശ ദിനാചരണം നടത്തി. അഡ്വ.മരിയ ക്ലാസ്സ് നയിച്ചു. ആനുകാലിക മനുഷ്യാവകാശ ലംഘനങ്ങൾ സംബന്ധിച്ച ചർച്ച നടത്തി. വിവിധ സംഘടനാ പ്രതിനിധികൾ, മനുഷ്യാവകാശ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.





# അന്തർദേശീയ വനിതാ ദിനാചരണം





2019 മാർച്ച് 7 ന് കൽപ്പറ്റ എം.ജി.റ്റി യിൽ വെച്ച് അന്തർദേശീയ മനുഷ്യാവകാശ ദിനാചരണം നടത്തി. നീതിവേദി പ്രസിഡന്റ് ഫാ. തോമസ് ജോസഫ് തേരകത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി കെ.ബി നസീമ ഉദ്ഘാടനം ചെയ്തു. ഐ.എ.പി ജില്ലാ കോ-ഓർഡിനേറ്റർ ഡോ.സി.ബെറ്റി, ജില്ലാ വനിതാ പ്രൊട്ടക്ഷൻ ഓഫീസർ ശ്രീമതി നിസ എന്നിവർ ആശംസകൾ അർപ്പിച്ചു. സമരനേതാക്കളായ മാക്ക, വെള്ള എന്നിവരെ ആദരിച്ചു. 2019 ലെ വനിതാ ദിനപ്രമേയമായ "തുല്യതയിലൂന്നിയ ചിന്ത, സമർഥമായ പടുത്തുയർത്തൽ, മാറ്റത്തിനായി പുതുമയാർന്ന പ്രവർത്തനങ്ങൾ" എന്നത് സംബന്ധിച്ച് അഡ്വ.മരിയ, "സ്ത്രീശാക്തീകരണം" സംബന്ധിച്ച് കൽപ്പറ്റ ജനറൽ ആശുപത്രി ശിശുരോഗ വിദഗ്ദ ഡോ.നീതു ജോൺ, "തൊഴിലിടങ്ങളിലെ പീഡനം" സംബന്ധിച്ച് അഡ്വ.ജോമോൾ ജോയി എന്നിവർ വിഷയാവതരണം നടത്തി.











# യുവജനങ്ങൾക്ക് പരിശീലനം



2018 ജൂലൈ 25 ന് കൽപ്പറ്റ എം.ജി.റ്റിയിൽ വെച്ച് വയനാട് ജില്ലയിലെ ആദിവാസി വിഭാഗത്തിൽ നിന്ന് പോലീസ് തസ്തികയിലേക്ക് നിയമനം ലഭിച്ചവർക്കുള്ള പരിശീലന പരിപാടി സംഘടിപ്പിച്ചു. നീതിവേദി പ്രസിഡന്റ് ഫാ.തോമസ് ജോസഫ് തേരകം അദ്ധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ ശ്രീ. അജയ് കുമാർ ഉദ്ഘാടനം ചെയ്തു. റിട്ടയേർഡ് എ.സി ശ്രീ. ജോർജ്ജുകുട്ടി അഗസ്റ്റിൻ പോലീസ് പരിശീലനത്തെക്കുറിച്ചുള്ള അറിവുകൾ നൽകി. അവരുടെ സംശയങ്ങൾ ദുരീകരിച്ചു. 38 പേർ പങ്കെടുത്തു. കനൽ പരിശീലന പരിപാടിയിലൂടെ വളർന്നുവന്ന പല കുട്ടികൾക്കും പോലീസ്-എക്സൈസ് വകുപ്പിലേക്ക് നിയമനം ലഭിച്ചു എന്നത് നീതിവേദിക്ക് ഏറെ സന്തോഷവും അഭിമാനവും നിറഞ്ഞ സന്ദർഭമായിരുന്നു. പോലീസ്-എക്സൈസ് തസ്തികയിലേക്ക് നിയമനം ലഭിച്ച എല്ലാ ആദിവാസി സഹോദരങ്ങൾക്കും എല്ലാവിധ വിജയാശംസകളും നേരുന്നു.

2018 സെപ്റ്റംബർ 20 ന് ചുങ്കത്തറ വെച്ച് മലപ്പുറം ജില്ലകളിലെ ആദിവാസി യുവജനങ്ങൾക്കായിപരിശീലന പരിപാടി സംഘടിപ്പിച്ചു. നേതൃത്വ പരിശീലനം എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സ് നൽകി. യുവജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച ചർച്ചയും നടന്നു.

# ഉദ്യോഗസ്ഥരുമായുള്ള മുഖാമുഖം



വയനാട്-മലപ്പുറം ജില്ലകളിലായി ഉദ്യോഗസ്ഥരുമായുള്ള നാല് മുഖാമുഖ പരിപാടികൾ നടന്നു. ജില്ലയിൽ ആദിവാസി സമൂഹങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉദ്യോഗസ്ഥന്മാരുടെ പിന്തുണയും സാധ്യതകളും യോഗം ചർച്ച ചെയ്തു. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യവും ആദിവാസി പക്ഷത്തുനിന്ന് പ്രവർത്തിക്കാനുള്ള പലരുടെയും സന്നദ്ധതയും ഈ ചർച്ചകൾ ഫലപ്രദമാക്കാൻ സഹായിച്ചു.



## വള്ളിയൂർക്കാവ് സ്റ്റാൾ

2018 മാർച്ച് 18 മുതൽ 28 വരെ മാനന്തവാടി വള്ളി യൂർക്കാവ് ഉത്സവത്തോടനുബന്ധിച്ച് നീതിവേദിയുടെ സ്റ്റാൾ ഇടുവാൻ സാധിച്ചു. ആയിരക്കണക്കിന് ആളു കൾക്ക് നീതിവേദിയെ പരിചയപ്പെടുവാനും നീതിവേദി യിലെ പ്രവർത്തനങ്ങൾ മനസ്സിലാക്കാനും അവസരം ലഭിച്ചു നീതിവേദി സ്റ്റാഫ് അംഗങ്ങളും ആദിവാസി യുവ ജനങ്ങളും ഇതിനുനേതൃത്വം നൽകി.



## പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ

2018 ആഗസ്ററ് മാസത്തിൽ വയനാട് ജില്ലയിലെ തരിയോട്, പടിഞ്ഞാറത്തറ, തവി ഞ്ഞാൽ, ബത്തേരി, പനമരം, മാനന്തവാടി, തിരുനെല്ലി, കൽപ്പറ്റ, മുട്ടിൽ, പൊഴുതന, വൈത്തിരി, കോട്ടത്തറ, മേപ്പാടി, വേങ്ങപ്പള്ളി പഞ്ചായത്തുകളിലും മലപ്പുറം ജില്ലയിലെ ചാലിയാർ, കരുളായി, പോത്തുകല്ല് പഞ്ചായത്തുകളിലുമാണ് നീതിവേദി പ്രവർത്തകർ ഇടപെടലുകൾ നടത്തിയത്. 17 പഞ്ചായത്തുകളിലെ 35 ഊരുകളിൽ പാരാലീഗൽ പ്രവർത്തകരും കോ-ഓർഡിനേറ്ററും സന്ദർശിക്കുകയും ഊരുനിവാസികളുമായി സംസാരിക്കുകയും ചെയ്തു. പൊതുവിഭാഗത്തിലുള്ള പലരുടെയും ഭവനങ്ങളിലും വയനാട് ജില്ലയിലെ 28 ക്യാമ്പുകളിലും മലപ്പുറം ജില്ലയിലെ 6 ക്യാമ്പുകളിലും നീതി വേദി പ്രവർത്തകർ സന്ദർശിക്കുകയും അവർക്ക് സാന്ത്വനം നൽകുകയും ചെയ്തിട്ടു ണ്ട്. വിവിധ പ്രദേശങ്ങളിൽ ഭക്ഷണം, വസ്ത്രം, സ്റ്റേഷനറി തുടങ്ങിയ കിറ്റുകൾ വിത രണം ചെയ്യുന്നതിനും നീതിവേദി പ്രവർത്തകർക്ക് സാധിച്ചു.

മലപ്പുറം ജില്ലയിലെ മതിൽമൂല ഊരിനെസംബന്ധിച്ച വാർത്ത മനോരമ ചാനലിൽ കൊടുക്കാൻ സാധിച്ചു. നീതിവേദി പ്രവർത്തകർ ഇതു സംബന്ധിച്ച വിവരണം നടത്തി. വയനാട് ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെയും ചൈൽഡ് ലൈന്റെയും സഹകര ണത്തോടെ ജില്ലയിലെ എല്ലാ ക്യാമ്പുകളിലും കുട്ടികൾക്കുവേണ്ടി റിലാക്സേഷൻ പരി പാടികൾ സംഘടിപ്പിച്ചു. നീതിവേദി പ്രവർത്തകർ 7 ക്യാമ്പുകളിലെ കുട്ടികൾക്കുള്ള പരിപാടികളിൽ പങ്കെടുത്തു. കളികളിലൂടെയും പാട്ടുകളിലൂടെയും കുട്ടികളെ സന്തോ ഷിപ്പിക്കുകയും ചെയ്തു. ഊരുകളും വീടുകളും വൃത്തിയാക്കുന്ന പ്രവൃത്തികളിലും നീതിവേദി പ്രവർത്തകർ ഇടപെടലുകൾ നടത്തി.

വയനാട് ജില്ലാ കളക്ടറേറ്റിൽ ജില്ലാ കളക്ടറുടെ ആഭിമുഖ്യത്തിലും ഇന്റർ ഏജൻസി മീറ്റിംഗുകളിലും നീതിവേദി പ്രസിഡന്റ്, ഡയറക്ടർ, കോ-ഓർഡിനേറ്റർ എന്നിവർ പങ്കെടുത്തു. നീതിവേദിയെ ആദിവാസികളുടെയും കുട്ടികളുടെ സംരക്ഷണം എന്ന വിഭാഗത്തിൽപ്പെടുത്തി. ജില്ലയിൽ ഒരു സാമ്പിൾ സർവ്വെ നടത്തുന്നതിനായി തീരു മാനിച്ചു. നീതിവേദി തവിഞ്ഞാൽ പഞ്ചായത്തിലെ സർവ്വെ ഏറ്റെടുത്ത് നടത്തി.

# പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| നമ്പർ | പ്രവർത്തനം | കൽപ്പറ്റ |
|---|---|---|
| 1 | നീതിവേദി ഓഫീസിൽ സഹായം തേടി വന്നവർ | 360 |
| 2 | ഗാർഹിക പീഡന പരാതികൾ | 56 |
| 3 | ഗാർഹിക പീഡന പരാതികൾ പരിഹരിച്ചത് | 45 |
| 4 | പരാതികൾ തയ്യാറാക്കി കൊടുത്തത് | 82 |
| 5 | ലീഗൽ ക്ലിനിക്കുകൾ | 2 |
| 6 | ലീഗൽ ക്ലിനിക്കുകളിൽ പങ്കെടുത്തവർ | 78 |
| 7 | കോടതി മുഖേന ഫയൽ ചെയ്ത കേസുകൾ | 16 |
| 8 | കോടതി മുഖേന പരിഹരിച്ചവ | 1 |
| 9 | കൗൺസിലിംഗ് നൽകിയത് | 59 |
| 10 | കണ്ടെത്തിയ തർക്കവിഷയങ്ങൾ | 219 |
| 11 | സമാധാനപരമായി പരിഹരിച്ച തർക്കങ്ങൾ | 34 |
| 12 | പ്രശ്നവിശകലനം നടത്തിയ പഞ്ചായത്തുകൾ | 23 |
| 13 | പ്രശ്നവിശകലനത്തിൽ പങ്കെടുത്തവർ | 558 |
| 14 | പഞ്ചായത്തുതല പീസ്കമ്മറ്റി പരിശീലന പരിപാടികൾ | 16 |
| 15 | പഞ്ചായത്തുതല പീസ്കമ്മറ്റി പരിശീലനത്തിൽ പങ്കെടുത്തവർ | 393 |
| 16 | തിരഞ്ഞെടുക്കപ്പെട്ട പീസ് കമ്മറ്റി അംഗങ്ങൾക്ക് പരിശീലനം | 5 |
| 17 | പീസ് കമ്മറ്റി അംഗങ്ങളുടെ പരിശീലനത്തിൽ പങ്കെടുത്തവർ | 225 |
| 18 | ആദിവാസി യുവജനങ്ങൾക്കുള്ള പരിശീലന പരിപാടി | 2 |
| 19 | ആദിവാസി യുവജനങ്ങൾക്കുള്ള പരിശീലന പരിപാടി കളിൽ പങ്കെടുത്തവർ | 69 |
| 20 | ബോധവത്ക്കരണ ക്ലാസ്സുകൾ | 48 |
| 21 | ബോധവത്ക്കരണ ക്ലാസ്സുകളിൽ പങ്കെടുത്തവർ | 1206 |
| 22 | ആദിവാസി നേതാക്കളുടെ മീറ്റിംഗ് | 2 |
| 23 | ആദിവാസി നേതാക്കളുടെ മീറ്റിംഗിൽ പങ്കെടുത്തവർ | 68 |
| 24 | ഉദ്യോഗസ്ഥരുമായുള്ള മുഖാമുഖം പരിപാടി | 4 |
| 25 | ഉദ്യോഗസ്ഥരുമായുള്ള മുഖാമുഖം പരിപാടിയിൽ പങ്കെടുത്തവർ | 233 |
| 26 | അന്തർദേശീയ വനിതാദിനാചരണത്തിൽ പങ്കെടുത്തവർ | 42 |
| 27 | അന്തർദേശീയ മനുഷ്യാവകാശദിനാചരണത്തിൽ പങ്കെടുത്തവർ | 25 |
| 28 | സ്റ്റാഫ് അംഗങ്ങൾക്കുള്ള പരിശീലനം | 2 |
| 29 | സ്റ്റാഫ് അംഗങ്ങൾക്കുള്ള പരിശീലന പരിപാടിയിൽ പങ്കെടുത്തവർ | 16 |
| 30 | വിവരാവകാശ മീറ്റിംഗുകൾ | 3 |
| 31 | വിവരാവകാശ മീറ്റിംഗുകളിൽ പങ്കെടുത്തവർ | 102 |
| 32 | വൈദീക-സന്യസ്ത അഭിഭാഷകരുടെ ദേശീയ കോൺഫറൻസിൽ പങ്കെടുത്തവർ | 102 |
| 33 | റേഡിയോ മാറ്റൊലിയിൽ അവതരിപ്പിച്ച നിയമവിശേഷം പരിപാടികൾ | 9 |
| 34 | ഉണർവ്വ് പഠനകളരികൾ | 14 |
| 35 | ഉണർവ്വ് പഠനകളരികളിൽ പങ്കെടുത്ത കുട്ടികൾ | 281 |
| 36 | കനൽ ക്യാമ്പുകൾ | 10 |
| 37 | കനൽ ക്യാമ്പിൽ പങ്കെടുത്ത കുട്ടികൾ | 120 |

# 2019-20 വർഷത്തെ പ്രധാന പ്രവർത്തനങ്ങൾ

## തർക്ക പരിഹാരവും സമാധാന നിർമ്മിതിയും

വിവിധ മത,രാഷ്ട്രീയ, സാമുദായിക കാഴ്ചപ്പാടുകൾ ഉള്ളവർക്ക് സമാധാനമായി സഹവസിക്കുവാനും കൂട്ടായ്മയോടെ നാടിന്റെ പൊതുനൻമക്കായി യത്നിക്കാനുള്ള അന്തരീക്ഷം ശക്തിപ്പെടുത്തുക എന്നതും ഈ വർഷത്തെ പ്രധാനപ്രവർത്തന ലക്ഷ്യമാണ്.

## പഞ്ചായത്ത് സമാധാന കമ്മിറ്റികൾ

കൂടുതൽ മേഖലകളിൽ സമാധാന കമ്മറ്റികൾ വ്യാപിപ്പിക്കുക, കമ്മറ്റി അംഗങ്ങൾക്ക് ശരിയായ പരിശീലനം നൽകുക, പൊതുപരിപാടികൾ സംഘടിപ്പിക്കുക, തർക്കങ്ങൾ കമ്മറ്റി അംഗങ്ങളുടെ സഹായത്തോടെ മീഡിയേഷൻ വഴി സമാധാന പൂർവ്വം പരിഹരിക്കുക, മൂന്ന് മാസത്തിലൊരിക്കൽ വിലയിരുത്തൽ നടത്തി പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുക തുടങ്ങിയവക്ക് ഈ വർഷം കൂടുതൽ പ്രാധാന്യം നൽകുന്നു.

## ജില്ലാ സമാധാന ഫോറം

വയനാട് ജില്ലയിൽ മത-സമുദായ-രാഷ്ട്രീയ മേഖലകളിൽ പ്രധാന പങ്കുവഹിക്കുന്ന നേതാക്കളെ ഒരുമിച്ചുചേർത്ത് സൗഹൃദവേദി രൂപീകരിക്കാനും ജില്ലയിലെ പൊതു സമാധാനത്തിനും കൂട്ടായ്മക്കും വേണ്ടി നിലകൊള്ളാൻ സമൂഹത്തെ സ്വാധീനിക്കാൻ കഴിയുന്നതിനും ജില്ലാ സമാധാന ഫോറത്തിന് കഴിയുമെന്നാണ് പ്രതീക്ഷ.

## സ്ക്കൂൾ സൗഹൃദ ക്ലബുകൾ (School Harmony clubs)

വിവിധ മത-സമുദായ വിഭാഗങ്ങളിൽപ്പെട്ട തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ കൂട്ടായ്മ പോഷിപ്പിക്കുക, പൊതുവേദികൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യത്തോടെ ഏതാനും സ്ക്കൂളുകളിൽ അദ്ധ്യാപകരുടെ സഹായത്തോടെ സൗഹൃദ ക്ലബുകൾക്ക് നേതൃത്വം കൊടുക്കുകയും പരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്യാൻ ഉദ്ദേശിക്കുന്നു.

## യുവജന സൗഹൃദ ക്ലബുകൾ (Youth Harmony clubs)

വ്യത്യസ്ത മതവിഭാഗങ്ങളിലും സമുദായങ്ങളിലുമുള്ള യുവജനങ്ങൾക്ക് ഒരു പൊതു വേദി. ഉല്ലസിക്കാനും ഗൗരവമായ ചർച്ചകൾ നടത്താനും പൊതുനൻമക്കായി കർമ്മപരിപാടികൾ ആവിഷ്ക്കരിക്കാനും ലക്ഷ്യം വെച്ചുകൊണ്ടാണ് യുവ ജനസൗഹൃദ ക്ലബുകൾക്ക് രൂപം നൽകുന്നത്.

## സമാധാന ദിനാചരണം

സംഘർഷങ്ങളും ഭിന്നതകളുമല്ല, സ്നേഹവും കൂട്ടായ്മയും സൗഹൃദവും ആഘോഷിക്കലാണ് ജീവിതത്തിൽ പ്രധാനം. യുവജനക്ലബുകൾ, സ്ക്കൂൾ സൗഹൃദ ക്ലബുകൾ, പീസ് കമ്മറ്റികൾ എന്നിവയിലെ പ്രതിനിധികളെയും സാമൂഹ്യ-രാഷ്ട്രീയ-മത മേഖലകളിലെ നേതാക്കളെയും അണിനിരത്തിയുള്ള സമാധാനത്തിന്റെ ആഘോഷം. മഹാത്മാഗാന്ധിയുടെ രക്തസാക്ഷിദിനത്തോടനുബന്ധിച്ച് ആയിരിക്കും ഈ ഒത്തുചേരൽ.

## ഗവേഷണ പഠനം

പണിയ, കാട്ടുനായ്ക്ക വിഭാഗങ്ങളിലെ തർക്കപരിഹാര മാർഗ്ഗങ്ങളുമായി ബന്ധപ്പെട്ട ആചാരങ്ങളും പാരമ്പര്യങ്ങളും മനസ്സിലാക്കുക, ഭാവി തലമുറയ്ക്ക് പകർന്നു നൽകുക  എന്ന ലക്ഷ്യത്തോടെ ആദിവാസി മൂപ്പൻമാർ, ആദിവാസി യുവജനങ്ങൾ, ആദിവാസി മേഖലയിൽ പ്രത്യേകം പഠനം നടത്തിയവർ എന്നിവരെ സഹകരിപ്പിച്ചുകൊണ്ട് ഗവേഷണ പഠനം നടത്താൻ ഉദ്ദേശിക്കുന്നു.

## ലീഗൽ ക്ലിനിക്ക്

പാരാലീഗൽ പ്രവർത്തകർ കണ്ടെത്തുന്ന ചെറുതും വലുതുമായ പ്രശ്നങ്ങളും സംഘർഷങ്ങളും പരിഹരിക്കാൻ വിവിധ പഞ്ചായത്തുകളിലും ഊരുകളിലും വേദി ഒരുക്കുന്നു.

## മീഡിയ വർക്ക് ഷോപ്പ്

സമാധാന പ്രവർത്തനങ്ങൾ സംബന്ധിച്ച് മീഡിയ പ്രവർത്തകരുമായി ആശയസംവാദങ്ങളും പങ്കുവെക്കലുകളും സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നു.

## കണ്ണിചേരൽ *(Networking)*

പാർശ്വവത്ക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ പ്രശ്നങ്ങളും പ്രതിസന്ധികളും സമാധാന മാർഗ്ഗത്തിലൂടെ പരിഹരിക്കാൻ ശ്രമിക്കുന്ന സംഘടനകൾ, സംവിധാനങ്ങൾ എന്നിവയുമായി കൈകോർക്കുക, അവരുടെ അനുഭവങ്ങളും സാധ്യതകളും നമ്മുടെ പ്രവർത്തന മേഖലകളിൽ ഉപയുക്തമാക്കുക എന്ന ലക്ഷ്യമാണ് ഈ കണ്ണിചേരലിലൂടെ വിഭാവനം ചെയ്യുന്നത്.

## ഉദ്യോഗസ്ഥരുമായുള്ള മുഖാമുഖം പരിപാടി

ആദിവാസികളും മറ്റ് പീഡിത ജനവിഭാഗങ്ങളും അനുഭവിക്കുന്ന അവകാശ നിഷേധങ്ങൾ പരിഹരിക്കുവാൻ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി സഹകരിച്ച് നടത്തുന്ന താലൂക്ക്തല അദാലത്തുകൾ.

## തൊഴിൽ പരിശീലനം

സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് നസറത്തുമായി സഹകരിച്ച് പ്രളയബാധിത പ്രദേശങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട വനിതകൾക്കും യുവജനങ്ങൾക്കും തൊഴിൽ പരിശീലനത്തിന് അവസരമൊരുക്കുക. ഇതോടൊപ്പം തിരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിൽ വിദ്യാർത്ഥികളുടെ പഠനനിലവാരമുയർത്താൻ ഉണർവ്വ് പഠനകളരികൾ സംഘടിപ്പിക്കുക.

# നീതിവേദി സ്റ്റാഫ് അംഗങ്ങളും ചുമതലകളും

| നമ്പർ | പേര് | ചുമതലകൾ |
|---|---|---|
| 1 | ഫ്ളയ്സി ജോസ് | ഡയറക്ടർ & ഫൈനാൻസ് മാനേജർ |
| 2 | ജെയിംസ് തോമസ് | പാരാ ലീഗൽ കോ-ഓർഡിനേറ്റർ |
| 3 | അഡ്വ. ജോമോൾ ജോയ് | ലീഗൽ കൗൺസിലർ & വനിതാ കോ- ഓർഡിനേറ്റർ |
| 4 | അനീഷ് ബാബു | അഡ്വ. ക്ലർക്ക്, അക്കൗണ്ടന്റ് & പ്രോഗ്രാം ഓർഗനൈസർ (കനൽ, ഉണർവ്വ്) |
| 5 | ജൂബിലി അനീഷ് | ഓഫീസ് അസിസ്റ്റന്റ് & കമ്പ്യൂട്ടർ ഓപ്പറേറ്റർ, ഡോക്യുമെന്റേഷൻ, സ്റ്റാഫ് സെക്രട്ടറി |
| 6 | സീന സെബാസ്റ്റ്യൻ | പാർട്ട് ടൈം കൗൺസിലർ |
| 7 | രാജഗോപാൽ | പാരാലീഗൽ വർക്കർ - പനമരം, തിരുനെല്ലി, മാനന്തവാടി |
| 8 | അസ്മ കെ.കെ. | പാരാലീഗൽ വർക്കർ - പടിഞ്ഞാറത്തറ, കോട്ടത്തറ, തരിയോട് |
| 9 | ശാന്തി സുനിൽ | പാരാലീഗൽ വർക്കർ - നൂൽപ്പുഴ, നെന്മേനി, ബത്തേരി, പുൽപ്പള്ളി |
| 10 | ചിത്ര എം.ആർ | പാരാലീഗൽ വർക്കർ - എടക്കര, പോത്ത്കല്ല്, ചാലിയാർ, മൂത്തേടം |
| 11 | ബിന്ദു ജയൻ | പാരാലീഗൽ വർക്കർ - മേപ്പാടി, മൂപ്പൈനാട്, പൊഴുതന, വൈത്തിരി |
| 12 | വത്സ ദേവസ്യ | ഫീൽഡ് വർക്കർ - മുട്ടിൽ, കണിയാമ്പറ്റ, വേങ്ങപ്പള്ളി, കൽപ്പറ്റ |
| 13 | ബിൻസി വർഗ്ഗീസ് | ഫീൽഡ് വർക്കർ - എടവക, തവിഞ്ഞാൽ, തൊണ്ടർനാട്, വെള്ളമുണ്ട |
| 14 | സാറാമ്മ ഷാജി | ഫീൽഡ് വർക്കർ - പുതാടി, മീനങ്ങാടി, അമ്പലവയൽ, മുള്ളംകൊല്ലി |

# ഗവേർണിംഗ് ബോഡി അംഗങ്ങൾ

| | | |
|---|---|---|
| 1 | **അഡ്വ. ഫാ.തോമസ് ജോസഫ് തേരകം** | പ്രസിഡന്റ് |
| 2 | **എസ്.എം. സെക്കീന** | വൈസ് പ്രസിഡന്റ് |
| 3 | **ഫ്ളയ്സി ജോസ്** | സെക്രട്ടറി |
| 4 | **ചന്ദ്രൻ പിലാക്കാവിൽ** | ജോ.സെക്രട്ടറി |
| 5 | **അഡ്വ.ജോമോൾ ജോയി** | ട്രഷറർ |
| 6 | **അഡ്വ.ഫാ.സ്റ്റീഫൻ മാത്യു** | മെമ്പർ |
| 7 | **അഡ്വ.മരിയ** | മെമ്പർ |
| 8 | **ഇ.ജി ജോസഫ്** | മെമ്പർ |
| 9 | **കെ.ഐ.തോമസ്** | മെമ്പർ |
| 10 | **ചിത്ര.എം.ആർ** | മെമ്പർ |
| 11 | **സൗമ്യ തെറ്റുവാടി** | മെമ്പർ |
| 12 | **ശാന്തി സുനിൽ** | മെമ്പർ |



ചിത്ര. എം.ആർ.
നിലമ്പൂർ

# ആദിവാസിക്ക് അഭിമാനമായ ശ്രീധന്യ ഐ.എ.എസ്.ലേക്ക്

2019 ൽ നമുക്ക് സന്തോഷത്തിന്റെ നിമിഷങ്ങൾ നൽകിയ ശുഭവാർത്ത യായിരുന്നു ശ്രീധന്യ ഐ.എ.എസ്. ലേക്ക് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു എന്നുള്ളത്.. വയനാട്ടിലെ ആദിവാസികളായ സുരേഷിന്റെയും കമലയുടെയും മകളാണ് ശ്രീധന്യ. സംവരണത്തിലൂടെ മാത്രമല്ല കഠിനാധ്വാനത്തിലൂടെയും, പരിശ്രമത്തിലൂടെയും വിജയം കൈവരിക്കാൻ ആദിവാസികൾക്ക് കഴിയുമെന്നതാണ് ശ്രീധന്യ നമുക്ക് കാട്ടിതന്നത്. ദരിദ്ര കുടുംബത്തിൽപ്പെട്ട ശ്രീധന്യ എല്ലാ പ്രതിസന്ധികളെയും നിഷ്പ്രയാസം തോൽപ്പിച്ചു. "സ്വപ്നങ്ങൾക്ക് ഒരിക്കലും പരിധി നിശ്ചയിക്കരുത്. കാണുന്ന സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാൻ പ്രയത്നിക്കണം''. ശ്രീധന്യയുടെ വാക്കുകളാണിത്. പുതുതലമുറയ്ക്ക് ഒരു മുതൽക്കൂട്ടാണ് ശ്രീധന്യയും മാതാപിതാക്കളായ സുരേഷും കമലയും. ഇവരുടെ നിശ്ചയ ദാർഢ്യത്തിനുമുന്നിൽ ദാരിദ്ര്യംപോലും മുട്ടുകുത്തി നിന്നു.

തൊഴിലുറപ്പ് പണികളും, മറ്റ് കൂലിപ്പണികളും ചെയ്ത് മക്കളുടെ പഠനത്തിൽ മാത്രം ശ്രദ്ധിച്ചിരുന്ന കമലയ്ക്കും സുരേഷിനും വീട് നിർമ്മാണത്തിൽ പോലും ശ്രദ്ധിക്കാൻ കഴിഞ്ഞില്ല. ആർഭാടത്തിന്റെ ലോകത്ത് എല്ലാം മതിമറന്ന് ജീവിക്കുന്ന രക്ഷിതാക്കൾക്ക് ഒരു മാതൃകയാണ് ശ്രീധന്യയുടെ മാതാപിതാക്കൾ. ഇവരുടെ ആർഭാടം മക്കളുടെ വിദ്യാഭ്യാസം മാത്രമാണ്. അവസരങ്ങൾ നേടിയെടുക്കുകയും ലഭിച്ച അവസരം വേണ്ടുവോളം പ്രയോജനപ്പെടുത്തി ഐ.എ.എസ്. ലേക്ക് തെരഞ്ഞെടുക്കപ്പെടുകയും ചെയ്ത നമ്മുടെ റോൾ മോഡൽ.

നമുക്ക് അഭിമാനമായി മാറിയ ശ്രീധന്യയ്ക്കും, കരിന്തണ്ടൻ സംവിധായിക ലീല സന്തോഷിനും,കേരള പോലീസിലേക്കും എക്സൈസ് വകുപ്പിലേക്കും തെരഞ്ഞെടുക്കപ്പെട്ടവർക്കും നമുക്ക് അഭിനന്ദനങ്ങൾ അർപ്പിക്കാം. ഇന്നും ആദിവാസികൾ ഒട്ടും പിന്നിലല്ല എന്നു തെളിയിച്ചവരാണിവർ.

ആദിവാസി സമൂഹത്തിന്റെ ഉന്നമനം വിദ്യാഭ്യാസത്തിലൂടെ മാത്രമേ സാധ്യമാകൂ എന്ന് സർക്കാർ തിരിച്ചറിയണം. വിദ്യാർത്ഥികൾക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണം, ഹോസ്റ്റലുകളും ഹോസ്റ്റൽ സൗകര്യങ്ങളും വർദ്ധിപ്പിക്കണം.

വനവും വനസമ്പത്തും, ഭൂമിയും, കുലത്തൊഴിലുകളും നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ വിദ്യാഭ്യാസത്തിനു തന്നെ മുൻതൂക്കം നൽകേണ്ടിയിരിക്കുന്നു. വിദ്യാലയങ്ങളും വിദ്യാഭ്യാസവും ഇന്ന് ഒരു കച്ചവടമാകുന്നു എന്നുള്ളത് മറ്റൊരു സത്യം. ഈ ഒരു സാഹചര്യത്തിലും ശ്രീധന്യ പൊരുതിനേടിയ

വിജയം മഹത്തരമാണ്. മദ്യപാനവും ലൈംഗിക ചൂഷണങ്ങളും ആദിവാസി മേഖലയിൽ രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. യുവതലമുറകൾ ലഹരിക്ക് അടിമപ്പെട്ടുകഴിഞ്ഞു. ഇതിൽ നിന്നും മോചനം നേടണമെങ്കിൽ കുട്ടികൾ വിദ്യാസമ്പന്നരാകണം വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഊരുകളിൽ നിരന്തരം ക്ലാസ്സുകൾ സംഘടിപ്പിക്കാൻ ഗവൺമെന്റും പൊതുപ്രവർത്തകരും തയ്യാറാകണം. ജാതി സർട്ടിഫിക്കറ്റുകളും ജനനസർട്ടിഫിക്കറ്റുകളും ലഭിക്കാത്തതുകൊണ്ട് കുറെയധികം കുട്ടികൾക്ക് യഥാസമയം സ്കൂളിൽ ചേരാനാകുന്നില്ല. ഓൺലൈൻ സംവിധാനം ആദിവാസി മേഖലയിൽ അത്രകണ്ട് വിജയിക്കുന്നില്ല. ആദിവാസി കുട്ടികൾക്ക് ആധുനിക സൗകര്യത്തോടെ വിദ്യാഭ്യാസം നേടാൻ സർക്കാരിന്റെ ശ്രദ്ധ അനിവാര്യമാണ്. ഒരു ഐ.എ.എസ്. അല്ല ഒട്ടനവധി ഐ.എ.എസ്. കാരും ഐ.പി.എസ്. കാരും ആദിവാസികൾക്കിടയിൽ ഉണ്ടാകും എന്നതിന് ഉള്ള സൂചനയാണ് വയനാട്ടുകാരി ശ്രീധന്യ.

ഉന്നതവിദ്യാഭ്യാസം നേടി മുംബൈയിൽ ഡോക്ടറായ പായൽ തഡ്‌വി (26) ജാതിപീഢനത്തിൽ ആത്മഹത്യ ചെയ്ത വാർത്ത നമുക്ക് ഒരിക്കലും മറക്കാൻ സാധിക്കില്ല. അട്ടപ്പാടിയിലെ മധുവും വനിതാ ഡോക്ടർ പായൽ തഡ്‌വിയും മുറിവുണങ്ങാത്ത നൊമ്പരമാണ് നമുക്ക്. ഒന്നല്ല ഒരായിരം പേർ ഉന്നത സ്ഥാനങ്ങളിൽ എത്തിയാൽ തീർച്ചയായും ഇത്തരം പ്രശ്നങ്ങളെ ദുരീകരിക്കാൻ സാധിക്കും. ഏത് പ്രതിസന്ധികളെയും നിഷ്പ്രയാസം തോൽപ്പിച്ച് ലക്ഷ്യം പൂർത്തീകരിക്കാൻ വിദ്യാർത്ഥികൾക്ക് കഴിയണം. രാഷ്ട്രീയ പാർട്ടികളുടെ കുതന്ത്രത്തിൽ വീണു പോകാതെ മുന്നോട്ട് പോയാൽ നാളെ നിങ്ങളും ഒരു അഭിമാനമായി മാറും. നമ്മളെ കാത്തിരിക്കുന്ന ചതിക്കുഴികളെ നമ്മൾ തിരിച്ചറിഞ്ഞാൽ മാത്രമേ ലക്ഷ്യത്തിലെത്താൻ സാധിക്കൂ. ഭൂമിക്കു വേണ്ടി സമര പോരാട്ടങ്ങൾ നടത്തുന്നതുപോലെത്തന്നെ പ്രധാനമാണ് വിദ്യാഭ്യാസം നേടുക എന്നതും. ഒിദ്യാഭ്യാസം നമ്മുടെ അവകാശമാണ് അത് ആരുടേയും ഔദാര്യമല്ല. നൂറുശതമാനം വിദ്യാഭ്യാസം കൈവരിച്ചവരായി നമ്മളും മാറണം. അതിനൊരു മോട്ടിവേഷനാണ് ശ്രീധന്യ. ആദിവാസികൾക്ക് കഴിവില്ല ഒന്നിനും കഴിയില്ല എന്ന ചിന്തമാറ്റി ചിന്തിക്കാൻ അവസരമുണ്ടാക്കിയ, വിജയഗാഥകുറിച്ച ശ്രീധന്യയെപ്പോലെ ഇനിയും പലമേഖലകളിലും വിജയത്തിന്റെ പടവുകൾ താണ്ടി ഉന്നതിയിലെത്താൻ നമുക്ക് സാധിക്കട്ടെ. ഇനിയും ഒരുപാട് അഭിമാനതാരകങ്ങൾ നമുക്കിടയിലും മിന്നിത്തിളങ്ങട്ടെ.

## *നന്ദിയോടെ...*

കഴിഞ്ഞ വർഷം നീതിവേദിയിൽ സ്റ്റാഫംഗങ്ങളായിരുന്ന **വാസന്തി, ചന്ദ്രിക, പ്രീത, ലത, ഉണ്ണികൃഷ്ണൻ, സീത ശീവൻ** എന്നിവർക്ക് ആത്മാർത്ഥമായ കൃതഞ്ജതയും പുതിയ പ്രവർത്തന മേഖലകളിൽ ആശംസകളും നേരുന്നു.



## നീതിവേദി കുടുംബാംഗങ്ങൾക്കും അഭ്യുദയകാംക്ഷികൾക്കും സ്നേഹാശംസകൾ....

പതിനേഴാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന നീതിവേദിയുടെ പ്രവർത്തനങ്ങൾക്ക് പിന്തുണയും സഹായവും നൽകിക്കൊണ്ടിരിക്കുന്ന എല്ലാവർക്കും ആത്മാർത്ഥമായി നന്ദി രേഖപ്പെടുത്തുന്നു. പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കും സംഘർഷങ്ങളും നീതിനിഷേധവും അവകാശലംഘനങ്ങളും അനുഭവിക്കേണ്ടിവരുന്നവർക്കും വിവിധ രീതികളിൽ സാന്ത്വനവും പ്രതീക്ഷയും പകർന്നുകൊടുത്തുകൊണ്ട് നമ്മുടെ യാത്ര മുന്നോട്ട് പോകുകയാണ്. കോടതികൾക്കും പോലീസ് സ്റ്റേഷനുകൾക്കുമപ്പുറം പഞ്ചായത്തുതല സമാധാന കമ്മറ്റികളിലൂടെ തർക്കപരിഹാരം ലക്ഷ്യംവെച്ചുകൊണ്ട് നമ്മൾ ആരംഭിച്ച പ്രവർത്തനങ്ങൾ ഈ വർഷം കൂടുതൽ സജീവമാക്കണമെന്നാണ് ആഗ്രഹം.

ജാതിയുടെയും മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും പേരിൽ മുമ്പൊരിക്കലും ഇല്ലാത്ത രീതിയിൽ ചേരിതിരിവുകൾ നമ്മുടെ നാട്ടിലും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. തിരഞ്ഞെടുപ്പ് ലക്ഷ്യം വെച്ചുകൊണ്ടാണെങ്കിൽപോലും കഴിഞ്ഞ മാസങ്ങളിൽ മുഖ്യധാരാ മാധ്യമങ്ങളിലും സമൂഹമാധ്യമങ്ങളിലും പ്രചരിപ്പിച്ച വിദ്വേഷപ്രസംഗങ്ങൾ ഏറെ അമ്പരിപ്പിക്കുന്നതാണ്. ഇതിന്റെയെല്ലാം ഫലമായി പീഡനമേൽക്കേണ്ടിവരുന്നത് പാവപ്പെട്ട മനുഷ്യർക്കാണ്, പ്രത്യേകിച്ചും ആദിവാസികൾ, ദളിതർ, സ്ത്രീകൾ എന്നിവർക്ക്. നമ്മുടെ പ്രവർത്തന മേഖലകളിൽ സമാധാനം ഉറപ്പുവരുത്താനും എല്ലാ വിഭാഗത്തിലുംപെട്ട ആളുകൾ തമ്മിലുള്ള കൂട്ടായ്മയും സഹകരിച്ചുള്ള പ്രവർത്തനങ്ങളും ശക്തിപ്പെടുത്താൻ നാം കൂടുതൽ ജാഗ്രത പുലർത്തണം. നീതിവേദിയുടെ ഈ വർഷത്തെ പ്രവർത്തനങ്ങൾ പ്രധാനമായും ഈ ദിശയിലുള്ളതാണ്. നമ്മുടെ നാട്ടിലെ എല്ലാ കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും സ്നേഹത്തിലും സാഹോദര്യത്തിലും ഒരുമിച്ച് ജീവിക്കുവാൻ സാധിക്കുന്നതിന് ആവശ്യമായ അന്തരീക്ഷം സൃഷ്ടിക്കാൻ നമുക്ക് കൂട്ടായി പരിശ്രമിക്കാം.

**ഫ്ളയ്സി ജോസ്**
ഡയറക്ടർ, നീതിവേദി

# സേവനദാതാവ് - 2008 മുതൽ പ്രവർത്തിച്ചുവരുന്നു

നീതിവേദിയുടെ പരിധിയിൽ വരുന്ന
പഞ്ചായത്തുകളും മുൻസിപ്പാലിറ്റിയും

**പഞ്ചായത്തുകൾ**

- വൈത്തിരി
- പൊഴുതന
- തരിയോട്
- വേങ്ങപ്പള്ളി
- കോട്ടത്തറ
- മുട്ടിൽ
- കണിയാമ്പറ്റ

**മുൻസിപ്പാലിറ്റി**

- കൽപ്പറ്റ




ചൊവ്വ, ബുധൻ ദിവസങ്ങളിൽ ഉച്ചക്ക് ശേഷം 1.30 മുതൽ 4.30 വരെ കൽപ്പറ്റ (പഴയ ബസ്സ്റ്റാന്റിന് സമീപം) ഐ.സി.ഡി.എസ് ഓഫീസിലും മറ്റ് പ്രവർത്തി ദിവസങ്ങളിൽ നീതിവേദി ഓഫീസിലും അഡ്വക്കറ്റിന്റെ സേവനം ലഭ്യമാണ്.



നീതിവേദിയുടെ പരിധിയിൽപെടുന്ന സ്ത്രീകൾ ഗാർഹിക പ്രശ്നങ്ങൾ സംബന്ധിച്ചുള്ള പരാതികൾ നീതിവേദി ഓഫീസിൽ നൽകിയാൽ ഇവയിൽ ആധികാരികമായി ഇടപെട്ട് മാനസികവും നിയമപരവുമായ കൗൺസലിംങ് നടത്തുകയും ആവശ്യമുണ്ടെങ്കിൽ കോടതിയിൽ കേസ് ഫയൽ ചെയ്ത് പരിഹാരം ഉണ്ടാക്കുന്നതുമാണ്.

JUSTICE IS NOT A FAVOUR — IT IS A RIGHT

## നീതിവേദി


സുധിക്കവല, കാക്കവയൽ പി.ഒ., കൽപ്പറ്റ നോർത്ത്, വയനാട് 673 122
ഫോൺ: 04936 246788, 9496197378
E-mail : neethivedhi@gmail.com, Web: www.neethivedhi.org


**നീതിവേദിയിൽ എല്ലാ പ്രവർത്തി ദിവസങ്ങളിലും 10 മണി മുതൽ 5 മണി വരെ ഗാർഹിക പരാതികൾ സ്വീകരിക്കുന്നതാണ്. ഫോൺ : 8281962792**

